# മൂന്നു പണിക്കാരികൾ

● കെ.കെ. പല്ലശ്ശന

ഒരു കൃഷിക്കാരന്റെ കളപ്പുരയിൽ മൂന്നു പണിക്കാരികൾ ഉണ്ടായിരുന്നു. ഒരു ചൂല്, ഒരു മുറം, ഒരു അരിവാൾ.

നേരം പുലർന്നാലുടൻ ചൂല് കളപ്പുരയും മുറ്റവും അടിച്ചുവാരി വൃത്തിയാക്കും. മുറം നെല്ലുചേറി കല്ലും പതിരും കളയും. അരിവാൾ പാടത്തു കൊയ്ത്തിനു പോകും.

ഒരു ദിവസം പതിവുപോലെ നേരം പുലർന്നതും ചൂല് മുറ്റമടിക്കാൻ ചെന്നു.

അപ്പോഴതാ, ഒരു പറ്റം കട്ടുറുമ്പുകൾ വരിവരിയായി പോകുന്നു. ചൂലിന് അതുകണ്ട് ദേഷ്യം വന്നു.

“അയ്യോ, ഞങ്ങളെ ഒന്നും ചെയ്യരുത്. ഞങ്ങൾ ഒരു കല്യാണത്തിനു പോകുകയാണ്. തിരിച്ചു വരുമ്പോൾ ഒരു പൊന്നരഞ്ഞാണം കൊണ്ടുതരാം.’’

ഉറുമ്പുകളുടെ നേതാവ് ചൂലിനോട് പറഞ്ഞു.

അരഞ്ഞാണം കിട്ടുമെന്നു കേട്ടപ്പോൾ ചൂലിനു സന്തോഷമായി. അവൾ മുറ്റമടിക്കൽ മതിയാക്കി കളപ്പുരയിൽ ചെന്നിരുന്നു.

കൂട്ടിയിട്ടിരിക്കുന്ന നെല്ലിനടുത്തേക്കു ചെന്ന മുറം കാണുന്നത് ഒരു ചുണ്ടെലിയെയാണ്. നെല്ലു കൊറിക്കുന്ന ചുണ്ടെലിയെ കണ്ടപ്പോൾ മുറം കോപത്തോടെ ഓടിച്ചെന്നു.

“അയ്യോ! എന്നെ കൊല്ലരുത്.



▸▸ സന്ധു നദീതട നിവാസികൾ ആദ്യം മെരുക്കിയെടുത്ത മൃഗം– നായ

## അധിവർഷം

ഒരു വർഷത്തിൽ മുന്നൂറ്റി അറുപത്തി അഞ്ചേകാൽ ദിവസങ്ങളാണുള്ളതെന്ന് അറിയാമല്ലോ. ഓരോ നാലുവർഷം കൂടുമ്പോഴും വർഷത്തിൽ അധികമായി വരുന്ന കാൽ ദിവസങ്ങളെ ഒരു പൂർണ ദിനമായി പരിഗണിച്ച് നാലാമത്തെ വർഷം 366 ദിവസമാകും. ആ വർഷം ഫെബ്രുവരി മാസത്തിൽ 29 ദിവസങ്ങളായി അടയാളപ്പെടുത്തി അധിവർഷം പൂർത്തിയാക്കുന്നു.




ഞാനിത്തിരി നെല്ലു തിന്നോട്ടെ. പകരം നിനക്ക് പൊട്ടും കൺമഷിയും നൽകീടാം.''

ചുണ്ടെലി പറഞ്ഞു.

കൺമഷിയും പൊട്ടും കിട്ടുമെന്നു കേട്ടപ്പോൾ മുറത്തിനു സന്തോഷമായി. അവൾ നെല്ലുചേറാൻ നിൽക്കാതെ ചൂലിനരികിൽ ചെന്നിരുന്നു.

നെല്ലു കൊയ്യാൻ വയലിലെത്തിയ അരിവാൾ കണ്ടത് ഒരു പറ്റം തത്തകൾ കതിരുകൊത്തുന്നതാണ്. അരിവാൾ അരിശത്തോടെ അവരുടെ അടുത്തേക്കു ചെന്നു.

"അരിവാളേ, ഞങ്ങളെ ഉപദ്രവിക്കരുത്. ഞങ്ങൾ നിനക്ക് പൊന്നിൽ തീർത്ത വളയും തളയും കൊണ്ടുതരാം.''

തത്തകളുടെ നേതാവ് അറിയിച്ചു.

അതു കേട്ടപ്പോൾ അരിവാൾ നെല്ലു കൊയ്യാൻ നിൽക്കാതെ തിരിച്ചുപോയി.

പിറ്റേന്ന്, പൊന്നരഞ്ഞാണം കൊതിച്ച് മുറ്റത്തിറങ്ങി നിന്ന ചൂലിന് ഉറുമ്പുകളുടെ പൊടിപോലും കാണാനായില്ല. മുറത്തിന്റെ അവസ്ഥയും അതു തന്നെയായിരുന്നു. പൊട്ടും കൺമഷിയുമായി വരാമെന്നു പറഞ്ഞ ചുണ്ടെലിയെ കണ്ടതേയില്ല. പാടത്തു ചെന്ന അരിവാളും നിരാശയോടെ മടങ്ങി.

ഇതെല്ലാം കണ്ട് കളപ്പുരയുടെ കാവൽക്കാരനായ ചിണ്ടൻ നായ അവരെ ഉപദേശിച്ചു:

"ഓരോരുത്തർ കാര്യം കാണാൻ പലതും പറയും. അതു കേട്ട് നമ്മൾ നമ്മുടെ കടമ മറക്കരുത്.''

ചിണ്ടൻ പറഞ്ഞത് വളരെ ശരിയാണെന്ന് മൂന്നു പണിക്കാരികൾക്കും ബോധ്യപ്പെട്ടു. പിന്നീടൊരിക്കലും പണിയെടുക്കുന്ന കാര്യത്തിൽ അവർ ഒരു വിട്ടുവീഴ്ചക്കും തയ്യാറായിട്ടില്ല.

•

▸▸ ഇന്ത്യയിലെ ആദ്യത്തെ ശാസ്ത്രനഗരം– കൊൽക്കത്ത